For example, last year 14 were required, of which ten or 11 were accepted. Three were given this year.

Mr. Puthur Achyuta Menon *(Kattur):* Sir, before seeking leave of the House to withdraw my resolution, I have to submit one word. That is, if this library is opened, it will be of help to so many villages. So many villages are lying close by. In the hope that the committee will take up the matter, I beg leave of the House to withdraw my resolution.

Resolution by leave withdrawn

RESOLUTION No. 29

Prohibiting the assignment or lease of poramboke lands to persons already possessed of landed properties

***Mr. K. R. Viswambharan** *(Ezhuvas-Talappalli): "This Council recommends to the Government to pass immediate orders prohibiting the assignment or lease of poramboke lands to persons already possessed of landed properties."* സർ, ഈ പ്രമേയം വലിയ പ്രാധാന്യമുള്ള ഒന്നാണു്. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ അന്നത്തെ പ്രസിഡണ്ടായ ഇപ്പോഴത്തെ ബഹുമാനപ്പെട്ട ഗവൺമെണ്ടു സിക്രട്ടറി കാർഷികമായ അഭിവൃദ്ധിക്കുവേണ്ടി കൊച്ചി ഗവൺമെണ്ടു് ഏറ്റവും ശ്രദ്ധാപൂർവ്വം പ്രവൃത്തിച്ചുവരുന്നതായി ഇവിടെ പ്രഖ്യാപനം ചെയ്തിരുന്നു. ഈ നിയമസഭയുടെ വൃശ്ചികം സമ്മേളനത്തിലും നെൽകൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി ഒരു പ്രത്യേക കമ്മറിയെ നിയമിച്ചു അന്വേഷണം നടത്തിക്കണമെന്ന പ്രമേയവുംഇവിടെ പാസ്സായതായി ഞാൻ ഓർമ്മിക്കുന്നു. ഈ വക സംഗതികൾ ഈ പ്രമേയത്തെ സംബന്ധിച്ചു പറയുമ്പോൾ ഞാൻ പ്രതിവാദിക്കുന്നതു് നമ്മുടെ രാജ്യത്തിലെ ഭൂമികൾ മുഴുക്കം ചില ആളുകളുടെ കൈവശമായി കൂടുങ്ങിയിരിക്കുന്നുവെന്നുള്ള പരമാർത്ഥം ഇവിടെ കൊണ്ടുവരുന്നതിന്നാണു്. ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മെമ്പർ മിസ്റ്റർ ഇബ്രാഹിം നിയമസഭയിൽ കുറച്ചു മാസങ്ങൾക്കു മുമ്പു് ചോദിച്ച ചില ചോദ്യങ്ങൾക്കു് ഉത്തരമായി അനവധി വസ്തുക്കൾ പ്രതിവർഷം കർഷകരിൽ നിന്നു് പണമിടവാടുകാരുടെ കൈവശത്തിലേക്കും ജന്മികളുടെ കൈവശത്തിലേക്കും സംക്രമിച്ചുവരുന്നതായി പറഞ്ഞിട്ടുള്ളതിൽനിന്നും മനസ്സിലാക്കാവുന്നതാണു്. നമ്മുടെ റവന്യൂ മാന്വലിൽ പുറമ്പോക്കുസ്ഥലങ്ങൾ അതിന്റെ അയൽപക്കം ഭൂമിയുള്ളവർക്കു് പതിച്ചുകൊടുക്കണമെന്നുള്ള ശുപാർശയും നിബന്ധനയും ഉൾക്കൊള്ളുന്നുണ്ടെന്നു റവന്യൂ മെമ്പർ സാധാരണ പറയാറുള്ളതാണു്. ഭൂമി പതിച്ചു കൊടുക്കുന്ന കാര്യത്തിൽ ഗവൺമെണ്ടു് നിശ്ചിതമായ ചില നയങ്ങൾ സ്വീകരിക്കേണ്ട ഘട്ടം ആസന്നമായിരിക്കുന്നുവെന്നാണു് എനിക്കു പറയുവാനുള്ളതു്. ഇപ്പോൾ അനേകം ഭൂമികൾ കൈവശമുള്ള ആളുകൾ അവരുടെ സ്ഥലങ്ങളിൽ ശരിയായി കൃഷിചെയ്യുന്നതിനു സൌകര്യം ലഭിക്കാതെ തരിശായി ഇട്ടിരിക്കുന്ന പല അനുഭവങ്ങളും ഇന്നു് നാട്ടുപുറങ്ങളിൽ നോക്കിയാൽ നമുക്കു് കാണാവാൻ സാധിക്കും. അതേസമയത്തുതന്നെ കൃഷിചെയ്യുന്നതിനുള്ള സൌകര്യം ലഭിക്കാതെ അനവധിജനങ്ങൾ ഗ്രാമങ്ങൾ പരിത്യജിച്ചു് നഗരങ്ങളിൽവന്നു ഭി

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ക്ഷാടനം ചെയ്യും വ്യവസായ ശാലകളിൽ കൂലിവേല ചെയ്യും ജീവിക്കുന്നുണ്ട്. യുദ്ധപരിതസ്ഥിതിമൂലം രാജ്യത്തിലെ ഉല്പന്നങ്ങൾ കുറഞ്ഞുവരുന്ന ഇക്കാലത്തു് ഭൂമിയിൽ ശരിയായി കൃഷിചെയ്യുന്നതിനുവേണ്ട പ്രോത്സാഹനങ്ങൾ നാട്ടുകാർക്കു് ചെയ്തുകൊടുക്കേണ്ടതു് ബുദ്ധിയുള്ള ഒരു ഗവൺമെണ്ടിന്റെ ചുമതലയാകുന്നു. ഇന്നു സ്വന്തം ഭൂമിയില്ലാത്ത അനവധിജനങ്ങൾ നമ്മുടെ രാജ്യത്തുണ്ടു്. അവർക്കു കൃഷിചെയ്യുന്നതിനുള്ള മടിയൊ വിമുഖതയൊ ഉള്ളതായി കാണുന്നില്ല. സൌകര്യമായി കൃഷിചെയ്യുന്നതിനുള്ള സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം അവർക്കു ലഭിക്കുന്നില്ലെന്നുള്ളതാണു് വാസ്തവത്തിൽ കൃഷിയുടെ മാന്ദ്യതക്കു പ്രധാനകാരണമായി ഞാൻ വിശ്വസിക്കുന്നതു്. അതിനാൽ ഇവിടെ ഒരു തുണ്ടുസ്ഥലമെങ്കിലും ഉള്ള ആളുകൾക്കു് ഒരുവിധത്തിലും ഇവിടത്തെ പുറമ്പോക്കുസ്ഥലങ്ങൾ പതിച്ചുകൊടുക്കരുതെന്നുള്ള നിർബ്ബന്ധമായ ഒരു നിയമം ഗവൺമെണ്ടുസ്വീകരിക്കേണ്ടതു് അത്യാവശ്യമായിട്ടാണു് വന്നിരിക്കുന്നതു്. യാതൊരു തൊഴിലും ഇല്ലാത്ത ആളുകൾക്കു ഭൂമി പതിച്ചുകൊടുത്താൽ അവരിൽനിന്നും ഗവൺമെണ്ടിലേക്കു വില ഈടാക്കുവാൻ സാധിക്കുമൊ എന്നുചോദിക്കുകയാണെങ്കിൽ അതിനു് സമാധാനം, അവർക്കു വെറുതെ കൊടുക്കുകയൊ അല്ലാത്തപക്ഷം അനവധികാലമായുള്ള ഗഡുവുകൾക്കു് സംഖ്യ വാങ്ങുവാനുള്ള സൌകര്യം കൊടുക്കുകയോ ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: വേറെ ആക്ഷം കൊടുക്കരുതെന്നുണ്ടൊ?

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: അതിനു് വേണ്ടതൊക്കെ ചെയ്യണം. ഈ രാജ്യത്തിലെ വിഭവങ്ങൾ അനുഭവിക്കുവാൻ ഈ രാജ്യത്തിലെ എല്ലാവർക്കും അവകാശമുണ്ടായിരിക്കെ ചില ഭാഗ്യവാന്മാർക്കുമാത്രം കൂടുതൽ വിഭവങ്ങളും സുഖസൌകര്യങ്ങളും അനുഭവിക്കുവാനുള്ള വഴിവെച്ചുകൊടുക്കുന്നതു് വാസ്തവത്തിൽ അധഃപാസ്ഥിതിക്കു് കാരണമാകുന്നതാണു്. വലിയ മാറ്റങ്ങൾ ഈ രാജ്യത്തിൽ നടക്കുവാൻ പോകുന്നു. അതിനുമുമ്പു് യഥാർത്ഥമായ ജനകീയാവശ്യങ്ങൾക്കു് ഗവൺമെണ്ടു പ്രത്യേക ഗണന നൽകേണ്ടതു് അത്യാവശ്യമായിട്ടുള്ളതാണു്. ഈ പ്രമേയത്തെ ഗവൺമെണ്ടിന്റെ സ്വീകരണത്തിനായി ഞാൻ സമർപ്പിക്കുന്നു.

Mr. K. R. Achyutan *(Ezhuvas-Trichur):* I second it.

Mr. A. V. Moothedan *(Chalakkudi):* I oppose the resolution. If a person is in possession of one inch of land or a house, he cannot be given any further land. I am in possession of a house. I cannot get one cent of land. This is the interpretation that I can make. I cannot go into the hon'ble member's mind and see what his aim is. It is written here, that nobody who is in possession of landed property can be given lands. Then it will be easy for the Diwan Peishkar. He has to simply sit quiet. Any person who is a major, having attained 18 years of age,—such persons have houses or something. He must be living somewhere. In that case, he cannot get any land. This is a fantastic resolution. Therefore I do not find my way to support this resolution.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഞാനും ഈ പ്രമേയത്തെ എതിർക്കുന്നു. അർത്ഥമില്ലാത്ത ഇത്തരം പ്രമേയങ്ങളെ എതിർക്കാതെ യാതൊരു നിവൃത്തിയുമില്ല. സാധാരണ അയൽഭൂമിയുടസ്ഥന്മാർക്കു് പതിച്ചുകൊടുക്കുന്ന പതിവു് ഒരേക്കറോ

LIBRARY ARCHIVES Kerala Legislative Assembly

അതിൽകൂറഞ്ഞു് രണ്ടോ, മൂന്നോ സെന്റെറെ മാത്രമേ ഉണ്ടായിരിക്കുകയുള്ളു. ഇപ്പോൾ എന്റെ വക ഭൂമിക്കടുത്തുതന്നെ രണ്ടുസെന്റുസ്ഥലമുണ്ടു്. പണം കൊണ്ടു് എന്നോടുകൂടി വരികയാണെങ്കിൽ ഞാൻ അതു വാങ്ങിച്ചുകൊടുക്കാം. അല്ലാതെ വെറുതെ കിട്ടണമെന്നുപറഞ്ഞാൽ അതു് അസംബന്ധമാണു്. ഇങ്ങിനെ അസംബന്ധം പറയുന്നതിൽ യാതൊരു അത്ഭുവുമില്ല.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: അസംബന്ധം is an unparliamentary term.

മിസ്റ്റർ എ. ഈച്ചരമേനോൻ: അയൽപക്ക ഭൂമിയുള്ളവക്കു കുറേശ്ശേമാത്രമേ പതിച്ചുകൊടുക്കുക പതിവുള്ളു. അവക്കാണു് മുഴുവനും പതിച്ചുകൊടുക്കുന്നതു്; ബാക്കിയുള്ളവക്കൊന്നും തീരെകൊടുക്കുന്നില്ല എന്നൊക്കെ വെറുതെപറയുന്നതിനു് അർത്ഥമില്ല.

മിസ്റ്റർ എ. മാധവപ്രഭു: വസ്തു ഇന്നായിന്ന ആളുകൾക്കേ പതിച്ചുകൊടുക്കുവാൻ പാടുള്ളു, ഇന്നയിന്ന ആളുകൾക്കു് കൊടുക്കുവാൻ പാടില്ല എന്നുപറയുന്നതു് ഒരു പുതിയ തത്വമാണു്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: വസ്തുവില്ലാത്തവക്കു് വസ്തു കൊടുക്കണമെന്നുള്ള തത്വമാണു്.

മിസ്റ്റർ എ. മാധവപ്രഭു: വസ്തുവില്ലാത്തവക്കു് കൊടുക്കുകയില്ലെന്നുപറഞ്ഞിട്ടില്ല.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: ഉള്ളവക്കു തീരെ കൊടുക്കരുതു്, ഇല്ലാത്തവക്കു കൊടുക്കണമെന്നുപറയുന്നതു് ഒരു നൂതനതത്വമല്ല.

ഡെപ്യൂട്ടി പ്രസിഡണ്ടു്: വല്ലവക്കും കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: കൊടുക്കുന്നുണ്ടെങ്കിൽ ഇല്ലാത്തവക്കു കൊടുക്കണം.

മിസ്റ്റർ എ. മാധവപ്രഭു: ബൈബിളിലൊ, ഗീതയിലൊ എല്ലാം പറഞ്ഞിട്ടുള്ള തത്വം എല്ലാമതക്കാക്കും യോജിക്കുന്ന തത്വമാണു്.

മിസ്റ്റർ സി. വി. ഇമ്മു: ഉള്ളവരിൽനിന്നെടുത്തു് ഇല്ലാത്തവക്കു് കൊടുക്കമെന്നാണു് ബൈബിളിലെ തത്വം.

മിസ്റ്റർ എ. മാധവപ്രഭു: പുറമ്പോക്കുസ്ഥലങ്ങൾ കൃഷിചെയ്യുവാൻ സാധിക്കാത്തവക്കു പതിച്ചുകൊടുത്തിട്ടു കാര്യമില്ല. സാധിക്കുന്നവക്കു കൊടുക്കാതിരുന്നാൽ സർക്കാരിനും പ്രയോജനമില്ല ഇങ്ങിനെ രണ്ടുമല്ലാത്തനിലയിൽ വെറുതെ സ്ഥലം ഇട്ടിരുന്നാൽ ആർക്കും ഗുണമില്ല. കൃഷിചെയ്യുന്നവരും, കൃഷിയിൽ പരിചയമുള്ളവരുമായ ആളുകൾക്കുകൊടുത്താൽ വല്ല ഗുണവും അവർക്കു കിട്ടും. ഈ പ്രമേയത്തിൽ പറയുന്ന തത്വം രാജ്യത്തിലെ ജനങ്ങൾക്കു് തീരെ ഗുണകരമായിട്ടുള്ളതല്ല. ഒരു കാര്യവുപോലും കയ്യിലില്ലാത്തവക്കു സ്ഥലങ്ങൾ പതിച്ചുകൊടുത്തിട്ടു യാതൊരു കാര്യവുമില്ല. ഭൂമി വെറുതെ കിട്ടിയാൽതന്നെയും എങ്ങിനെ കൃഷിചെയ്യണം എന്നമനസ്സിലാക്കി അവിടെ താമസിച്ചുകൊണ്ടു് കൃഷിചെയ്യുവാൻ പണം ആവശ്യമാണു്. വേറെ വല്ല ജോലിയുമുണ്ടെങ്കിൽ അതുകൂടി ഉപേക്ഷിച്ചു് കൃഷിചെയ്യേണ്ടിവരും. അതിനു് തയ്യാറുള്ള ആളുകൾക്കു സ്ഥലം കൊടുത്താൽ മാത്രമേ ഗുണമുണ്ടാകയുള്ളു. പണമില്ലാത്തവക്കും വസ്തുവില്ലാത്തവക്കും തൊഴിലില്ലാത്തവക്കും പത്തും പതിനഞ്ചും ഏക്കർ ഭൂമികൊടുത്തുകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. സക്കാരിനും അയാൾക്കും ദോഷമാണുണ്ടാകുക. പണമുള്ള ആളുടെ കയ്യിലാണ് വസ്തുകിട്ടുന്നതെങ്കിൽ അയാൾ മറവസ്തുക്കളിൽകൃഷി ചെയ്യുന്നതുപോലെ ഈ വസ്തുവിലും പ്രവൃത്തിക്കും. വേറെയുള്ളവരെക്കൊണ്ടു കൃഷിചെയ്യിക്കുന്ന ആളാണെങ്കിൽ അയാൾക്കു് അതു് ഡയറക്ട്ചെയ്തു് കൃഷിനടത്തുവാൻ സാധിക്കും. അങ്ങിനെ ചെയ്താൽ അതുകൊണ്ടു് അയാൾക്കുമാത്രമല്ല മറെറല്ലാവർക്കും രാജ്യത്തിനും ഗുണമുണ്ടു്. ഇതിനുംപുറമെ ഡിലോൺ, മലയാ മുതലായ സ്ഥലങ്ങളിൽ കൃഷിചെയ്യുന്ന രീതി മനസ്സിലാക്കുന്നപക്ഷം അവിടെയുള്ള ഒന്നരണ്ടു സംഗതികൾ നമുക്കുപഠിക്കുവാനുണ്ടു്. ഇവിടെ ഓരോരുത്തർക്കുമുള്ള വസ്തു ഒരേക്കർ പത്തുസെൻറ്, ഇരുപതുസെൻറ്, ഇങ്ങിനെയുള്ള ചെറിയചെറിയ കണക്കുകളായിരിക്കും. ആ സ്ഥലങ്ങളിൽ അവർ കൃഷിചെയ്തു് വലിയ ഗുണമൊന്നുമില്ലാതെ ഗവൺമെണ്ടിലേക്കു കൊടുക്കേണ്ടതുകൊടുത്തു്, വസ്തു നന്നാക്കുവാനുള്ള മുതലായൊന്നുമില്ലാതെ കഴിഞ്ഞുകൂടുകയാണു് ചെയ്യുന്നതു്.

ഞാൻ മലയാസ്റ്റേററിനെ സംബന്ധിച്ച ഒരു സംഗതി സിനിമയിൽ കണ്ടിട്ടുണ്ടു്. അവിടെ ഇത്രദണ്ഡുദൂരത്തിൽ ആണു് തെങ്ങുവെക്കേണ്ടതു എന്നുള്ള കണക്കനുസരിച്ചു് തെങ്ങുവെച്ചു് അതിനുചേരുന്നതരത്തിലുള്ള വളങ്ങൾചേർത്തു് രക്ഷിക്കേണ്ടപ്രകാരം അവർ രക്ഷിക്കുന്നുണ്ടു്. ഇവിടത്തേക്കാൾ കൂടുതൽ വലിപ്പത്തിലുള്ള തേങ്ങ അവിടെ ഉണ്ടാകുന്നുണ്ടു്. അവിടെയുള്ള കൊപ്രയ്ക്കു് ഇവിടത്തേക്കാൾ കൂടുതൽ തൂക്കമുണ്ടായിരിക്കുന്നു. അവിടെ അങ്ങിനെയുള്ള പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നതു് വലിയ പണക്കാരായിട്ടുള്ളവരാണു്. അതുപോലെതന്നെ ഈവക കൃഷികൾ നടത്തുന്നതു് അതിനു കഴിവുള്ളവരായിരുന്നാൽ മാത്രമേ ഗുണമുള്ളു. ഇപ്പോൾ കൊളമ്പുകൊപ്രാ ഇവിടെ വന്നില്ലെങ്കിൽ തീപ്പിയായും ഇവിടെയുള്ള സകല ചെറിയമില്ലുകളും പട്ടിണിയാകാനിടയുണ്ടു്. ഇക്കൊല്ലം അവരുടെ കൊപ്ര വന്നിട്ടുള്ള കണക്കുനോക്കിയാൽ നമ്മുടെ കൊപ്രയേക്കാൾ കൂടുതലാണെന്നു കാണാം. അവരുടെ കൊപ്ര, നല്ലതായതുകൊണ്ടു് അതിനു് ചിലവു കൂടുതലുണ്ടു്. നമ്മുടെ കൊപ്രയ്ക്കു് അധികം ചിലവുവരുന്നില്ല. ഇതാണു് പ്രവൃത്തിയെടുക്കുവാൻ അറിവുള്ളവർക്കു്. കൊടുക്കുന്നതുകൊണ്ടുണ്ടാകുന്ന ഗുണം. കൃഷി നന്നാക്കുവാനും രാജ്യത്തിനു പ്രയോജനം ലഭിക്കുവാനും പരിചയമുള്ളവർക്കല്ലാതെ സാദ്ധ്യമല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എണ്ണ കൂടുതൽ നമ്മുടെ കൊപ്രക്കാണു്"

മിസ്റ്റർ എ. മാധവപ്രഭു: അങ്ങിനെ വിചാരിച്ചുകൊണ്ടിരിക്കാം. വേറെയുള്ള മാർക്കറ്റുകളിൽപോയി ഞങ്ങളുടെ കൊപ്രാ നല്ലതാണെന്നും എണ്ണ ധാരാളമുണ്ടെന്നും പറയാമെന്നേയുള്ളു. നമ്മുടെ കൊപ്രയിൽ 2 ശതമാനം എണ്ണ കിട്ടുമെന്നുണ്ടെങ്കിൽ അതിനേക്കാൾ കൂടുതൽ വേറെഗുണങ്ങൾ അവരുടെ കൊപ്രക്കുണ്ടു്. അവരോടു മത്സരിക്കുവാൻ പോയാൽ അവർ ജയിക്കും നമ്മൾ തോല്ക്കും ഇങ്ങിനെയാണു് അനുഭവം കണ്ടുവരുന്നതു്. We are nowhere even in our lands, our product has no value outside. We have no place at all. അതെന്തുകൊണ്ടു്, പാവങ്ങൾക്കു ഗുണം കിട്ടുവാനായിട്ടു്. രാജ്യമൊട്ടുക്കു നന്നായാൽമാത്രമേ ബാക്കിയുള്ളവർക്കും നന്നാകുവാൻ സാധിക്കയുള്ളു. എല്ലാവരും നന്നാകണം, കൃഷിക്കാരും നന്നാകണം, രാജ്യവുംനന്നാകണംഎന്നുദ്ദേശമുണ്ടെങ്കിൽ ഈമാതിരി മെൻറാലിട്ടി പാടുള്ളതല്ല. ഞാൻ പല പുസ്തകങ്ങളും നോക്കിയും, കാമേഴ്സ് സംബന്ധിച്ചുള്ള ലേഖനങ്ങളും ധാരാളം വായിച്ചും കിട്ടീട്ടുള്ള അറിവുകൊണ്ടുപറയുന്നതാണു്. അതുകൊണ്ടു് ഈ പ്രമേയം ഗവൺമെണ്ടിനു സ്വീകരിക്കുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

*മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: രാജ്യത്തിന്റെ ഗുണത്തെ ബഹുമാനപ്പെട്ട റവന്യൂ മെമ്പറെപ്പോലെതന്നെ ഞാനും ആഗ്രഹിക്കുന്നുവെന്നുള്ള അഭിമാനത്തോടുകൂടിയാണ് ദിവാൻപേഷ്കാർ അവർകളുടെ വാദങ്ങൾക്ക് മറുപടി പറയുവാൻ മുതിരുന്നത്. നമ്മുടെ ഉദ്യോഗസ്ഥന്മാർക്ക് പുതുതായി ധനശാസ്ത്രം പഠിക്കുന്നതിനു എന്തെങ്കിലും ഒരു സ്ഥാപനം ഏർപ്പെടുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട ദിവാൻപേഷ്കാർ അവർകളുടെ ധനശാസ്ത്ര പ്രസംഗത്തിൽനിന്നും എനിക്കുമനസ്സിലായത്. ഇരുപതൊ, മുപ്പതൊ കൊല്ലംമുമ്പ് പഠിച്ചിട്ടുള്ള ധനതത്വശാസ്ത്രത്തിൽ നിന്ന്, അതിന്റെ അനുഭവങ്ങളിൽ നിന്ന് എത്രയൊ വ്യത്യസ്തമായ ഒരു കാലത്തിലേക്കാണ് പോകുന്നതെന്നുള്ള സംഗതി അവർ മറന്നുപോയിരിക്കുന്നു.

ഈ രാജ്യത്തിൽ ഭൂമിയില്ലാത്ത അനവധിജനങ്ങൾ ഉണ്ടെന്നുള്ളപരമാർത്ഥം ബഹുമാനപ്പെട്ട ദിവാൻപേഷ്കാരവർകൾക്ക് നിഷേധിക്കുവാൻ സാധിക്കുമൊ എന്നു ഞാൻ ചോദിക്കുന്നു. ഈ രാജ്യത്തിൽ കൃഷിചെയ്യുന്നതിനു ശേഷിയും ധനോല്പാദനത്തിനു സൌകര്യവും, കഴിവും ഉള്ളവരായി അനവധിപേർ ജീവിക്കുന്നുണ്ടെന്നുള്ള പരമാർത്ഥത്തെ ബഹുമാനപ്പെട്ട ദിവാൻപേഷ്കാരവർകൾക്ക് നിഷേധിക്കുവാൻ സാധിക്കുമൊ? അവർക്ക് ഭൂമി കൊടുക്കുന്നതിനു സൌകര്യപ്പെടത്തക്കവിധത്തിലും, അവരെ കൃഷിയിലേക്ക് ആകർഷിക്കുന്നവിധത്തിലും ഉള്ള ചില നിയമവും പറമ്പോക്കുസ്ഥലങ്ങൾ പതിച്ചുകൊടുക്കുന്ന കാര്യത്തിൽ ഗവർമ്മെണ്ട് സ്വീകരിക്കണമെന്നുമാത്രമാണ് ഞാൻ പറയുന്നത്. മലയാരാജ്യത്തിൽ വളരെ പണക്കാരായ ആളുകളാണ് കൃഷിചെയ്യുന്നതെന്നുള്ളത് ഒരുപക്ഷെ ശരിയായിരിക്കാം. എന്നാൽ അവിടെയുള്ള സാധുക്കളായ ആളുകളെ സംബന്ധിച്ച് അദ്ദേഹത്തിനു് എന്തെങ്കിലും പറയുവാൻ സാധിക്കുമോ? കുറെ മുതലാളിമാരും ഭൂമി ഉടമസ്ഥന്മാരും കൂടി വെറും മൃഗങ്ങളെപ്പോലെ സാധുക്കളായ അനവധി ആളുകളെക്കൊണ്ട് പണിചെയ്യിച്ച് സാമൂഹ്യമായ സ്ഥിതിയിൽ യാതൊരു വിധത്തിലുള്ള ആകർഷണവും ഉണ്ടാകാത്ത മാതിരി പ്രവൃത്തിക്കുന്ന ഒരു രാജ്യത്തിലെ അപരിഷ്കൃതമായ സ്ഥിതിഗതികളെക്കുറിച്ച് ഈ പരിഷ്കൃതമായ കൊച്ചി നിയമസഭയിൽ ഉദ്ധരിക്കുവാൻ അദ്ദേഹത്തിനു് ലജ്ജ തോന്നുന്നില്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്. ബഹുമാനപ്പെട്ട ദിവാൻപേഷ്കാരവർകളോട് റഷ്യയിലെ സമ്പ്രദായങ്ങളെക്കുറിച്ച് പഠിക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു. അതുപോലെ പരിഷ്കൃതങ്ങളായ കൃഷി സമ്പ്രദായങ്ങളും പരിഷ്കൃത നിയമങ്ങളും കണ്ടു പഠിക്കുവാനായി ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകർഷിക്കുന്നു. വാസ്തവത്തിൽ ഈ രാജ്യത്തിലെ കൃഷിയെ ഉദ്ധരിക്കുന്നതിനും, ഉപജീവനമാർഗ്ഗമില്ലാത്തവർക്ക് സഹായം നൽകുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയാണ് ഞാൻ ഇപ്പോൾ ഗവർമ്മെണ്ടിന്റെ മുമ്പിൽ വെച്ചിരിക്കുന്നത്. പണക്കാരായ ആളുകൾക്കുമാത്രമേ ധനോല്പാദനം ചെയ്യുവാനും ജീവിക്കുവാനും അവകാശമുള്ളു എന്നുള്ള വാദമാണ് കൊച്ചി ഗവർമ്മെണ്ടിനുള്ളതെങ്കിൽ.....

മിസ്റ്റർ എ. മാധവപ്രഭു: അങ്ങിനെ ഒരിക്കലും പറഞ്ഞിട്ടില്ല.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: ധനവാന്മാരെതന്നെ ധനവാന്മാരാക്കുന്നതിനും, ഉൽപാദന സൌകര്യങ്ങൾ അവരുടെ കൈവശം വെച്ചുകൊടുക്കുന്നതിനുമുള്ള ഒരു സമ്പ്രദായമാണോ പരിഷ്കൃതമെന്നു് കൊച്ചി ഗവർമ്മെണ്ടു് വിചാ

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നു? ഇവിടത്തെ നിരാലംബരായ അഭിഭാഷകർക്ക് ക്ഷേമം ചെയ്യുന്നതിനും, അതിനുള്ള സൌകര്യങ്ങൾ ധനം കൊണ്ടും മറ്റു വിധത്തിലും ചെയ്തുകൊടുത്തു സഹായിക്കുന്നതിനും എന്തുകൊണ്ടു കൊച്ചി ഗവൺമെണ്ടിനു സാധിക്കുന്നില്ലെന്നാണ് ഞാൻ ചോദിക്കുന്നതു. ഈ തത്വം കൊച്ചി ഗവൺമെണ്ടു സ്വീകരിക്കുമോ ഇല്ലയോ എന്നു പരീക്ഷിക്കുവാനായിട്ട് ഞാൻ ഈ പ്രമേയത്തെ സഭയുടെ സ്വീകരണത്തിനായി ഇവിടെ പ്രസ്സു ചെയ്യുന്നു.

Resolution put and lost

RESOLUTION No. 30

Provident Fund for Advocates

Mr. A. V. Moothedan *(Chalakkudi): "This Council recommends to Government that the Hon'ble High Court may be requested to start a scheme of Provident Fund for Advocates, generally on the following lines.—*

(i) Every advocate who has 5 years standing at the Bar as an advocate or vakil may become a member of the Provident Fund.

(ii) Every such advocate may contribute at the rate of Rs. 5 p.m. for the first 10 years and at the rate of Rs. 10 p.m. for the next 10 years. Government shall contribute half the amount.

(iii) If the services of an advocate are terminated at the Bar, after contributing to the Provident Fund for more than 10 years, he shall be entitled to receive the whole amount standing to his credit; in all other cases, he shall be paid the actual amount contributed by him with interest".

Sir, the object of this resolution is very clear. There is, in some quarters, a belief that lawyers are parasites, living upon other people's earnings. Advocates, or lawyers, are persons who do great service to the society. They are absolutely necessary for the administration of justice between man and man. Without advocates, what can the High Court judges do? The judges cannot interpret law without hearing all aspects presented to them. Therefore, if we want proper administration of justice, lawyers are required. If that is so, considering the present circumstances, something should be done for their betterment. Sir, you may be knowing from your own experience that whenever calamities fall on the humanity, lawyers are the first to be affected. When there is economic depression, lawyers are first hit. When the cyclone comes, lawyers are hit first. When war breaks out, lawyers are hit first. Every possible calamity

LIBRARY ARCHIVES Kerala Legislative Assembly